ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് 2014-15 സാമ്പത്തിക വർഷം ശേഖരിച്ച കണക്കുകൾ പ്രകാരം ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ എണ്ണം 30308 ആണ്. ഐ.ടി.ഡി.പി പ്രോജക്ട് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.

(ബി &സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) നിർമ്മാണം മുടങ്ങിക്കിടക്കുന്നതും പുനരുദ്ധാരണം ആവശ്യമായതുമായ വീടുകൾക്ക് ഭവന പുനരുദ്ധാരണ ധന സഹായമായി ഒരു ലക്ഷം രൂപ വീതം നൽകി പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടികജാതി കോളനികളിലെ വൈദ്യുതീകരണം

272 (659) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി കോളനികളാണ് നിലവിലുള്ളത്; ഇതിൽ എത്ര കോളനികളിൽ വൈദ്യുതീകരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) പട്ടികജാതി കോളനികളിൽ വൈദ്യുതീകരണം നടപ്പാക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ ;വിശദാംശം വ്യക്തമാക്കുമോ;

(സി) പട്ടികജാതി കുടുംബങ്ങളിലെ വൈദ്യുതീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര രൂപ ചെലവഴിച്ചു ; ഓരോ കോളനികളിലും എത്ര രൂപ വീതം ചെലവഴിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകിയ ധനസഹായം

273 (660) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012 മുതൽ 2015-2016 വരെയുള്ള കാലയളവിൽ ഭവനരഹിതരായ എത്ര പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) ഓരോ സാമ്പത്തികവർഷവും എത്ര രൂപ വീതം നൽകിയിട്ടുണ്ട്;

(സി) ഓരോ സാമ്പത്തികവർഷവും ഓരോ ജില്ലയിലും എത്ര പേർക്ക് വീതം ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ധനസഹായം വിതരണം ചെയ്തതെന്നും ഓരോ ഏജൻസി മുഖേനയും എത്ര തുക വീതമാണ് വിതരണം ചെയ്തതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെ 30197 പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്.

(ബി &സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഗുണഭോക്താക്കൾ നേരിട്ടാണ് ഭവനനിർമ്മാണം നടത്തുന്നത്. ഭവനനിർമ്മാണത്തിനായി ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല

സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി

274 (661) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിനായി സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭവനരഹിതരായ പട്ടികവർഗ്ഗക്കാരിൽ സ്വന്തമായി വീടു വയ്ക്കുവാൻ സ്ഥലസൗകര്യമുള്ളവർക്കെല്ലാം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 'സ്നേഹവീട് ' സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly